ആർ.സി.എസ്/9481/2022/സി.എസ്(2)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി.22/06/2023

സഹകരണ സംഘം രജിസ്ട്രാർ,
തിരുവനന്തപുരം

എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും

സർ,

വിഷയം:- സഹകരണ വകുപ്പ്- സഹകരണ സംഘങ്ങൾ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകളിൽ ഏകീകൃത signboard സ്ഥാപിക്കുന്നത് സംബന്ധിച്ച്.

സൂചന:- (1) കൺസ്യൂമർഫെഡ് മാനേജിംഗ് ഡയറക്ടറുടെ 21/03/2022, 13/02/2023 എന്നീ തീയതികളിലെ CFED/NMS/03/047/2021-2022 , CFED/NMS/03/047/2022-2023 നമ്പർ കത്തുകൾ.
(2) സർക്കാറിന്റെ 12/06/2023 ലെ CopnD3/137/2023-Co-op നമ്പർ കത്ത്.

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സഹകരണ സംഘങ്ങൾ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകളിൽ ഏകീകൃത sign board പ്രദർശിപ്പിച്ചാൽ പൊതു ജനത്തിന് സഹകരണ മേഖലയിലുള്ള നീതി മെഡിക്കൽ സ്റ്റോറിനെ തിരിച്ചറിയാൻ സാധിക്കുമെന്നും ആയത് സംബന്ധിച്ചുള്ള നിർദ്ദേശം സഹകരണ സംഘങ്ങൾക്ക് നൽകുന്നതിനായി പ്രസ്തുത ഏകീകൃത sign board ന്റെ മാതൃക തയ്യാറാക്കി ഭരണസമിതി തീരുമാനം സഹിതം കൺസ്യൂമർഫെഡ് സൂചന (1) പ്രകാരം അപേക്ഷിച്ചിരുന്നു. മേൽ പ്രകാരം കൺസ്യൂമർഫെഡ് സമർപ്പിച്ച sign board ന്റെ മാതൃക അംഗീകരിച്ച് ആയത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിന് സൂചന (2) പ്രകാരം ബഹു. സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ സഹകരണ മേഖലയിലുള്ള നീതി മെഡിക്കൽ സ്റ്റോറിനെ തിരിച്ചറിയുന്നതിനായി സൂചന (2) പ്രകാരം അംഗീകരിച്ച sign board ന്റെ മാതൃകയിൽ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ നീതി മെഡിക്കൽ സ്റ്റോറുകളിലും sign board സ്ഥാപിക്കേണ്ടതാണ്. ടി sign board ന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത sign board ന്റെ വലിപ്പം 10ft*3ft ആയിരിക്കണം. ടി sign board നിർമ്മിക്കുമ്പോൾ മാതൃകയിലുള്ള നിറം, അക്ഷര രീതി, എംബ്ലം, വാക്കുകളുടെ ക്രമം എന്നിവ അതേപടി തന്നെ പിന്തുടരേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ പാലിച്ചിട്ടുണ്ടെന്ന വിവരം എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും ഉറപ്പുവരുത്തേണ്ടതാണ്.

sign board നെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- നിശ്ചിത മാതൃകയിലുള്ള ബോർഡ് 10ft*3ft ആയിരിക്കണം.
- Sign board ന്റെ കളർ കോഡ് താഴെ പറയും പ്രകാരം അറിയിക്കുന്നു.

| Colour Name | Hex Code |
|---|---|
| Red | # ed 1e24 |
| Yellow | # fff 200 |
| Blue | # 630460 |
| White | # ffffff |
| Black | # 000000 |

വിശ്വസ്തതയോടെ
ഒപ്പ്
അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ)
സഹകരണ സംഘം രജിസ്ട്രാർക്ക് വേണ്ടി.

പകർപ്പ് :-മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന കൺസ്യൂമർ ഫെഡറേഷൻ,
ഗാന്ധിനഗർ, കൊച്ചി.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.എസ്&എച്ച്.വി.)

സഹകരണ സംഘത്തിന്റെ പേര്

BANK LOGO

# നീതി മെഡിക്കൽ സ്റ്റോർ

**മരുന്നുകൾക്ക് 14% മുതൽ 70% വരെ വിലക്കുറവ്**

Nodel Agency Consumerfed

ഒരു സർക്കാർ സഹകരണ സംരംഭം